ഉത്തരം

(എ) ഇക്കാര്യം പരിഗണനയിലുണ്ട്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

തലശ്ശേരി കെ. എസ്. ആർ. ടി. സി. സബ് സ്റ്റേഷൻ

108 [1314] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി.-യുടെ തലശ്ശേരി സബ് സ്റ്റേഷൻ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഉദ്ഘാടനം എന്നത്തേയ്ക്ക് നടത്താൻ കഴിയുമെന്നും, ഇതിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് എന്താണ് തടസ്സമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) ബസ് സ്റ്റേഷന്റെ പ്രധാന കെട്ടിടവും ഗ്യാരേജും നിർമ്മിച്ചുകഴിഞ്ഞു. ബസ് സ്റ്റേഷനുവേണ്ട അനുബന്ധ കെട്ടിടങ്ങളും, അടിസ്ഥാന സൗകര്യങ്ങളും പൂർത്തീകരിക്കുകയോ വെള്ളം, വൈദ്യുതി ഇവ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ഇവ ലഭ്യമായി മുനിസിപ്പാലിറ്റി ടി കെട്ടിടങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും കെ. എസ്. ആർ. ടി. സി.-ക്ക് കൈമാറിയശേഷമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയുകയുള്ളു.

തലശ്ശേരി സബ് ഡിപ്പോ

109 [1315] ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി കെ. എസ്. ആർ. ടി. സി. സബ് ഡിപ്പോയുടെ പ്രവൃത്തി എവിടെവരെയായി എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സബ് ഡിപ്പോയുടെ കെട്ടിടം പണി പൂർത്തീകരിച്ച് എന്ന് ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ബസ് സ്റ്റേഷന്റെ പ്രധാന കെട്ടിടവും ഗ്യാരേജും നിർമ്മിച്ചിട്ടുണ്ട്. ബസ് സ്റ്റേഷനുവേണ്ട അനുബന്ധ കെട്ടിടങ്ങളും അടിസ്ഥാന സൗകര്യങ്ങളും പൂർത്തീകരിക്കുകയോ വെള്ളം, വൈദ്യുതി ഇവ ലഭ്യമാക്കി മുനിസിപ്പാലിറ്റി ടി കെട്ടിടങ്ങളും അടിസ്ഥാനസൗകര്യങ്ങളും കെ. എസ്. ആർ. ടി. സി.-ക്ക് കൈമാറിയശേഷമേ ഉദ്ഘാടനം സംബന്ധിച്ച് തീരുമാനമെടുക്കാൻ കഴിയുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly